പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: T 5574 24.05.2017-ലെ മറുപടിക്ക്

ശബരി റെയിൽ പദ്ധതിയുടെ നിർമ്മാണം വൈകുന്നതിനുള്ള കാരണം

| | ചോദ്യം<br>ശ്രീ. രാജു എബ്രഹാം | | ഉത്തരം<br>ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
|---|---|---|---|
| (എ) | ശബരിമല തീർത്ഥാടകർക്ക് ഏറെ പ്രയോജനം ചെയ്യുന്ന ശബരി റെയിൽവേ പദ്ധതി കേന്ദ്ര സർക്കാർ ഉപേക്ഷിച്ചതായി അറിവുണ്ടോ; ഇല്ലെങ്കിൽ നിർമ്മാണം വൈകുന്നതിനുള്ള കാരണം വ്യക്തമാക്കുമോ; | (എ) | പദ്ധതി ഉപേക്ഷിച്ചിട്ടില്ല. കോട്ടയം ജില്ലയിൽ പതിമൂന്നോളം വില്ലേജുകളിൽ കൂടിയാണ് നിർദ്ദിഷ്ട പാത കടന്നു പോകുന്നത്. ഇതിൽ മൂന്ന് വില്ലേജുകളുടെ അലൈൻമെന്റ് സ്കെച്ച് റെയിൽവേ സമർപ്പിച്ചിട്ടുണ്ട്. എറണാകുളം ജില്ലയിൽ പ്രത്യേക പൊന്നും വില കാര്യാലയങ്ങൾ ഇല്ലാത്തതിനാലാണ് നടപടികൾ വൈകുന്നത്. |
| (ബി) | ശബരിമല റെയിൽ പദ്ധതിക്കായി എന്തൊക്കെ നടപടികളാണ് പൂർത്തിയാക്കിയിട്ടുള്ളത്; എവിടെയെങ്കിലും ഭൂമി ഏറ്റെടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതൊക്കെ വില്ലേജുകളിൽ എത്ര ഭൂമി ഏറ്റെടുത്തു; | (ബി) | എറണാകുളം ജില്ലയിൽ അഞ്ചു വില്ലേജുകളിലായി അങ്കമാലി - 2.88 ഹെക്ടർ; നെടുമ്പാശ്ശേരി - 4.78 ഹെക്ടർ; മറ്റൂർ - 10.23ഹെക്ടർ; വടക്കുംഭാഗം- 5.33 ഹെക്ടർ; ചേലാമറ്റം-1.17 ഹെക്ടർ ഉൾപ്പെടെ ആകെ 24.39 ഹെക്ടർ ഭൂമി ഏറ്റെടുത്തിട്ടുണ്ട്. |
| (സി) | ശബരി റെയിൽ പദ്ധതിക്കായി കേന്ദ്ര/സംസ്ഥാന സർക്കാരുകൾ എത്ര രൂപ ചെലവഴിച്ചു എന്ന് വ്യക്തമാക്കുമോ ; | (സി) | കോട്ടയം ജില്ലയിൽ പദ്ധതി ചെലവുകൾക്കായി രണ്ടു കോടി രൂപ അനുവദിച്ചിട്ടുണ്ടെങ്കിലും ചെലവഴിച്ചിട്ടില്ല. എറണാകുളം ജില്ലയിൽ 35,15,11,977/- രൂപ ചെലവഴിച്ചിട്ടുണ്ട്. |
| (ഡി) | സംസ്ഥാന സർക്കാരും റെയിൽവേയും ചേർന്നുള്ള സംയുക്ത സംരംഭങ്ങളിൽ പ്രസ്തുത പദ്ധതി ഉൾപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (ഡി) | ഇല്ല. |

സെക്ഷൻ ഓഫീസർ